LIBRARY ARCHIVES Kerala Legislative Assembly

തൃക്കരിപ്പൂർ വൺമാൻ ട്രഷറി സബ്ട്രഷറിയായി ഉയർത്തുന്ന നടപടി സംബന്ധിച്ച്

36 [349] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഒരു സബ് ട്രഷറി പോലുമില്ലാത്ത തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ തൃക്കരിപ്പൂർ വൺമാൻ ട്രഷറി, സബ് ട്രഷറിയായി ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എങ്കിൽ വിശദവിവരം അറിയിക്കുമോ;

(ബി) ഈ വൺമാൻ ട്രഷറി സബ് ട്രഷറിയായി ഉയർത്തുവാനുള്ള ഭരണാനുമതിക്കായി 3-6-2004 തീയതിയിൽ എ1/9151/03 നമ്പരായി ട്രഷറി ഡയറക്ടർ സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയുടെ വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) വൺമാൻ ട്രഷറികൾ നിർത്തലാക്കുകയോ അല്ലെങ്കിൽ സബ് ട്രഷറികളായി ഉയർത്തുകയോ ചെയ്യുക എന്നത് നയപരമായ ഒരു തീരുമാന മാണ്. ഇതിൽ ഗവൺമെന്റ് അന്തിമ തീരുമാനമെടുത്തിട്ടില്ല.

ഏലത്തൂർ പഞ്ചായത്തിൽ സബ് ട്രഷറി സ്ഥാപിക്കാൻ നടപടി

37 [350] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി സർക്കാർ സ്ഥാപനങ്ങളും ഹൈസ്കൂളുകളും ജില്ലാ ഹോമിയോ ആശുപത്രിയുമുള്ള കോഴിക്കോട് ജില്ലയിലെ ഏലത്തൂർ പഞ്ചായത്തിൽ സബ് ട്രഷറി സ്ഥാപിക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.